സ്റ്റോറ ടൈബൽ ബോർഡ് മെമ്പർമാർ.

* 1369. [20] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയം മറുപടി നൽകുമോ :

(എ) സ്റ്റോറ ടൈബൽ ബോർഡ് മെമ്പർമാർ ആരൊക്കെയാണ്;

(ബി) ഗിരിവർഗ്ഗക്കാർ ആരൊക്കെയാണ്; അല്ലാത്തവർ ആരൊക്കെയാണ്;

(സി) ഈ ബോർഡിന്റെ കാലാവധി എന്നുവരെയാണ്;

(ഡി) പ്രസ്തുത ബോർഡിന്റെ ചുമതലകൾ എന്തൊക്കെയാണ്;

(ഇ) ശ്രീ. ടി. കൃഷ്ണൻ നമ്പീശൻ എന്നയാളിനെ ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ;

(എഫ്) പ്രസ്തുത മെമ്പർ ഗിരിവർഗ്ഗങ്ങളിൽ നിന്ന് പണവും വിഭവങ്ങളും പല കാരണങ്ങളും പറഞ്ഞു പിരിച്ചെടുത്ത് സ്വന്തം ആവശ്യത്തിനു ഉപയോഗിച്ചു വരുന്നതായി ഗവണ്മെന്റിനറിയാമോ;

(ജി) അറിയാമെങ്കിൽ ഇതിനെ സംബന്ധിച്ച് അന്വേഷിച്ച് നടപടി എടുക്കാൻ ദയവുണ്ടാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) † ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) ശ്രീ. മധുര, എം. എൽ. എ.,
ശ്രീ. ലക്ഷ്മണൻ കാണി,
ശ്രീ. കെ. എ. രാമൻ.,

ഇവർ ഗിരിവർഗത്തിൽപ്പെട്ടവരും ബാക്കിയുള്ളവർ ഇതരസമുദായങ്ങളിൽപ്പെട്ടവരുമാണ്.

(സി) കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ഡി) ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനു വേണ്ടി നടത്തിവരുന്ന പദ്ധതികളുടെ പുരോഗതിയെപ്പറ്റി അന്വേഷിക്കുക, തത്സംബന്ധമായി നിർദ്ദേശങ്ങൾ സമർപ്പിക്കുക മുതലായവയാണ്, പ്രസ്തുത ബോർഡിന്റെ ചുമതലകൾ.

(ഇ) ഉണ്ട്; 1958 ആഗസ്റ്റ് മാസത്തിൽ നോമിനേറ്റ ചെയ്തു.

(എഫ്) പരാതി ലഭിച്ചിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കുഞ്ഞാമു : ശ്രീ. പി. പി. കൃഷ്ണൻ നമ്പീശൻ ഇങ്ങനെ പല അഴിമതികളും നടത്തുന്നതായി ഈ ഗവണ്മെന്റിനു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. കെ ചാത്തൻ : നിവേദനം ഇവിടെ കിട്ടിയിട്ടില്ല. സർവ്വന്റ്സ് ഓഫ് ഇൻഡ്യാ സൊസൈറ്റിയിൽ വളരെ കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തകൻ എന്നുള്ള നിലയിൽ ടൈബ്സിനെപ്പറ്റിയുള്ള വിവരങ്ങൾ കുറച്ചധികം കൂടുതൽ കിട്ടാനുള്ള ആവശ്യം നിവൃത്തിക്കുവാൻ വേണ്ടി ഇദ്ദേഹത്തെ നിയമിച്ചതാണ്. ഈ പരാതികൾ ഇവിടെ വന്നിട്ടില്ല.

ശ്രീ. കെ. കുഞ്ഞാമു : അതേപ്പറ്റി അന്വേഷണം നടത്തുകയാരെയാണെങ്കിൽ നടപടിയെടുക്കുമോ ?

Mr. Speaker: That is a hypothetical question.

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly